# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4137 16.05.17 ൽ മറുപടിയ്ക്ക്**

**പുതിയ വാഹനങ്ങളുടെ ഇൻഷ്വറൻസ് തുക**

| | ചോദ്യം<br>ശ്രീ.എൻ. ഷംസുദ്ദീൻ | | മറുപടി<br>ശ്രീ.തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | പുതുതായി വാങ്ങുന്ന വാഹനങ്ങൾക്ക് സർക്കാർ നിശ്ചയിച്ചിട്ടുള്ള ഇൻഷ്വറൻസ് തുകയേക്കാൾ കൂടുതൽ തുക വാഹന ഉടമകളിൽ നിന്നും വാഹന ഡീലർമാർ ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ: | (എ) | ഉണ്ട്. ചില വാഹന ഡീലർമാർ വാഹനം വാങ്ങാനെത്തുന്നവരെ ചില കമ്പനികളുടെ ഇൻഷ്വറൻസ് എടുക്കാൻ പ്രേരിപ്പിക്കുന്നുവെന്നും അങ്ങനെ നൽകപ്പെടുന്ന ഇൻഷ്വറൻസിന്റെ പ്രീമിയം തുക മറ്റ് കമ്പനികളുടെ പ്രീമിയം തുകയേക്കാൾ കൂടുതലാണെന്നും ഇതൊരു അവിശുദ്ധ കൂട്ടുകെട്ടിന്റെ ഫലമാണെന്നും സൂചിപ്പിച്ച് ചില പരാതികൾ ലഭിച്ചിട്ടുണ്ട്. |
| (ബി) | ഇത്തരം പരാതികൾ പരിശോധിക്കുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കുവാനും മോട്ടോർ വാഹന വകുപ്പ് അധികൃതർക്ക് നിർദ്ദേശം നൽകുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ബി) | ഇത്തരം പരാതികൾ ശ്രദ്ധയിൽപ്പെടുമ്പോൾ നടപടി എടുക്കുവാൻ വകുപ്പിലെ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകാറുണ്ട്. |

**സെക്ഷൻ ഓഫീസർ**